**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ഡയറക്ടർ ബോർഡ് ഔദ്യോഗിക അംഗങ്ങളെ നിയമിച്ച് ഉത്തരവാകുന്നു.

===================================================================

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ)നം.09/2023/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 25/01/2023.

===================================================================

പരാമർശം :
1. സ.ഉ.(സാധാ)നം.40/2016/പി.സ.വി.വ, തീയതി 07/06/2016.
2. സ.ഉ.(സാധാ)നം.90/2021/പി.വി.വി.വ, തീയതി 10/11/2021.
3. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 07/11/2022, 11/01/2023 തീയതികളിലെ 2707/സി.എസ്/2014/കെ.എസ്.ബി.സി.ഡി.സി. നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പരാമർശം 1 പ്രകാരം ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ആയിരുന്ന ശ്രീ. കെ. നാരായണൻ -നെ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ഡയറക്ടർ ആയി നിയമിച്ച് ഉത്തരവായിരുന്നു. പരാമർശം 2-ലെ ഉത്തരവ് പ്രകാരം കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ഡയറക്ടർ ബോർഡ് ഔദ്യോഗിക അംഗങ്ങളായി പിന്നാക്ക വിഭാഗ വികസ വകുപ്പ് ഡയറക്ടർ ശ്രീ. ദേവിദാസ് എൻ ഐ.എ.എസ്, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ശ്രീ. എസ്.കെ. ദേവ് വർമ്മൻ ഐ.എ.എസ് എന്നിവരെയും നിയമിച്ച് ഉത്തരവായിരുന്നു. എന്നാൽ ഈ ഉദ്യോഗസ്ഥർക്ക് ഈ സ്ഥാപന ങ്ങളിൽ നിന്നും സ്ഥലം മാറ്റം വന്നിട്ടുള്ളതിനാൽ ഈ സ്ഥാപനങ്ങളിൽ പുതുതായി നിയമിതരായ ശ്രീ. രാജൻ സെഗാൾ ഐ.എഫ്.എസ്, ഡോ.വിനയ് ഗോയൽ ഐ.എ.എസ്, ഡോ. രാകേഷ് സർവാൾ ഐ.എ.എസ് എന്നിവരെ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ഡയറക്ടർ ബോർഡ് ഔദ്യോഗിക അംഗങ്ങളായി നിയമിക്കുവാൻ മാനേജിംഗ് ഡയറക്ടർ പരാമർശം 3 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

ടി വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീ. രാജൻ സെഗാൾ ഐ.എഫ്.എസ്. (ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ), ഡോ. വിനയ് ഗോയൽ ഐ.എ.എസ്, (പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറേറ്റ്), ഡോ. രാകേഷ് സർവാൾ ഐ.എ.എസ്. (ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ) എന്നിവരെ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ ചട്ടം 20(1) പ്രകാരം, കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് ഔദ്യോഗിക അംഗങ്ങളായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**പ്രശാന്ത് എൻ ഐ.എ.എസ്.**
**സ്പെഷ്യൽ സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ,
പാറ്റൂർ, വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം

ശ്രീ. രാജൻ സെഗാൾ ഐ.എഫ്.എസ്. (എം.ഡി., കെ.എസ്.ബി.സി.ഡി.സി. മുഖേന)
ഡോ. വിനയ് ഗോയൽ ഐ.എ.എസ്. (എം.ഡി., കെ.എസ്.ബി.സി.ഡി.സി. മുഖേന)
ഡോ. രാകേഷ് സർവാൾ ഐ.എ.എസ്. (എം.ഡി., കെ.എസ്.ബി.സി.ഡി.സി. മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരളം, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.